# Visit of Vice President and Minister of Foreign Affairs of Colombia to India (October 1-3, 2021)

October 03, 2021

---

**കൊളംബിയയുടെ വിദേശകാര്യ മന്ത്രികൂടിയായ ഉപപ്രധാനമന്ത്രിയുടെ ഇന്ത്യയിലേക്കുള്ള സന്ദർശനം (ഒക്ടോബർ 1-3, 2021)**

ഒക്ടോബർ 03, 2021

1.കൊളംബിയയുടെ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ശ്രീമതി മാർട്ട ലൂസിയ റാമിറസ് 2021 ഒക്ടോബർ 1 മുതൽ 3 തിയ്യതികളിൽ വരെ ഇന്ത്യ സന്ദർശിച്ചു. ആരോഗ്യ, സാമൂഹിക സംരക്ഷണ മന്ത്രി ഡോ. ലൂയിസ് ഫെർണാണ്ടോ റൂയിസ്, സർക്കാർ ഉദ്യോഗസ്ഥർ, സ്വകാര്യ കമ്പനികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രതിനിധികൾ എന്നിവരും അവർക്കൊപ്പം ചേർന്നു.

2. 2021 ഒക്ടോബർ 1 ന്, ഇന്ത്യയുടെ ഉപരാഷ്ട്രപതി ശ്രീ വെങ്കയ്യ നായിഡു റാമിറസുമായി കൂടിക്കാഴ്ച നടത്തുകയും പല മേഖലകളിലും ഉഭയകക്ഷി സഹകരണത്തെക്കുറിച്ച് അഭിപ്രായങ്ങൾ പങ്കു വയ്ക്കുകയും ചെയ്തിരുന്നു. കൊളംബിയ സന്ദർശിക്കാൻ ഇന്ത്യയുടെ ഉപരാഷ്ട്രപതിക്ക് ഉപപ്രധാനമന്ത്രി റാമിറസ് ക്ഷണം നൽകിയിട്ടുണ്ട്. 2021 ഒക്ടോബർ 2 -ന്, വിദേശകാര്യ മന്ത്രി ഡോ.എസ് ജയശങ്കർ റാമിറസുമായി സമാർഗരമായ ഉഭയകക്ഷി സംഭാഷങ്ങൾ നടത്തിയിരുന്നു. 2021 ഒക്ടോബർ 3 -ന് വിദേശകാര്യ സഹമന്ത്രി ശ്രീമതി. മീനകാശി ലേഖിയും റാമിറസിനെ സന്ദർശിച്ചു, ഇവരുടെ കഴിഞ്ഞ തവണത്തെ കൊളംബിയ സന്ദർശത്തിൽ ഇരുവരും ഫലപ്രദമായ ചർച്ചകൾ നടത്തിയിരുന്നു.

3. വാക്സിൻ, ഫാർമസ്യൂട്ടിക്കൽ ഉൽപന്നങ്ങൾ എന്നിവയുടെ വികസനത്തിൽ ബയോടെക്നോളജി, സഹകരണാടിസ്ഥാനത്തിലുള്ള ഉത്പാദനം, സാങ്കേതിക വിദ്യകളുടെ കൈമാറ്റം എന്നിവയിലെ സഹകരണം പര്യവേക്ഷണം ചെയ്യുന്നതിനായി ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിലെയും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിലെയും (ICMR) ഉന്നത ഉദ്യോഗസ്ഥരുമായി മിസ് റാമിറസ് ചർച്ച നടത്തി. പിന്നീട്, ബയോടെക്നോളജി, മെഡിക്കൽ റിസർച്ച് എന്നീ മേഖലകളിലെ സഹകരണത്തിനുള്ള രണ്ട് ഉദ്ദേശപത്രങ്ങളും, ബയോടെക്നോളജി വകുപ്പും ഐസിഎംആറും അവരുടെ കൊളംബിയയിലെ തുല്യത ഉദ്യോഗസ്ഥരുമായി ഒപ്പു വച്ചു.

4. ശ്രീമതി റാമിറെസിന്റെ വരവിനു മുമ്പ്, ആരോഗ്യ, സാമൂഹിക സംരക്ഷണ മന്ത്രി ഡോ ലൂയിസ് ഫെർണാണ്ടസ് തന്റെ 48 അംഗ പ്രതിനിധി സംഘവുമായി സെപ്റ്റംബർ 27 മുതൽ 30 വരെയുള്ള തിയ്യതികൾ പുണെ , ഹൈദരാബാദ്, ബാംഗ്ലൂർ എന്നിവിടങ്ങളിലേക്ക് യാത്ര ചെയ്യുകയും ഇന്ത്യയിലെ ഫാർമസ്യൂട്ടിക്കൽ കമ്പനികൾ, മികച്ച കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കുകയും ചെയ്തിരുന്നു.കൂടാതെ അവർ ISRO സൗകര്യങ്ങൾ സന്ദർശിക്കുകയും ന്യൂ സ്പേസ് ഇന്ത്യ ലിമിറ്റഡ് (NSIL), ഹ്യൂമൻ സ്പേസ് ഫ്ലൈറ്റ് സെന്റർ (HSFC) എന്നിവയുടെ പ്രതിനിധികളെ കാണുകയും ചെയ്തു.

5. ലാറ്റിനമേരിക്കയിലെ ഇന്ത്യയുടെ ഒരു സുപ്രധാന പങ്കാളിയാണ് കൊളംബിയ, കൂടാതെ പകർച്ചവ്യാധിയുടെ തടസ്സങ്ങൾക്കിടയിലും സാമ്പത്തിക, വാണിജ്യ മേഖലകളിൽ ഉൾപ്പടെ നമ്മുടെ ഉഭയകക്ഷി ബന്ധം വികസിച്ചുകൊണ്ടിരിക്കുകയാണ്. റാമിറസിന്റെ സന്ദർശനത്തിന് മുൻപ് 2021 സെപ്റ്റംബർ 4-6 വരെ വിദേശകാര്യ സഹമന്ത്രി മീനകാശി ലേഖി കൊളംബിയ സന്ദർശിച്ചിരുന്നു.ഇന്ത്യ-കൊളംബിയ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും ഈ സന്ദർശനം കൂടുതൽ സംഭാവന നൽകുന്നതാണ്.

**ന്യൂ ഡൽഹി**
**ഒക്ടോബർ 03, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.